# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാവാലം ഗ്രാമപഞ്ചായത്ത്

**2014-2015**

# ഓഡിറ്റ് റിപ്പോർട്ട്


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്



## ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി10-838/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി: 30.07.2016

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാവാലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :കാവാലം ഗ്രാമപഞ്ചായത്ത്- 2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവാലം ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി10-838/2016 തിയ്യതി: 30.07.2016

## ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമ പഞ്ചായത്തിന്റെ 2014-15സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2014-15സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.03.2015മുതൽ 31.03.2015 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ഇ.വി.മഹേശ്വരി, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 15.07.2016 മുതൽ 22.07.2016 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. ടി.എം.റോയി, സീനി.ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.കെ.ബി.സുനിൽ, ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

### 1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ.ഓമനക്കുട്ടൻ ജനാർദ്ദനൻ | 01.04.2014 മുതൽ 31.03.2015 വരെ |

### 2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. പി.എസ്.ശിഖിവാഹനൻ | 01.04.2014 മുതൽ 31.03.2015 വരെ |

### 3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. ജിജി അഭിലാഷ് | 01.04.2014 മുതൽ 31.03.2015 വരെ |
| 2 | വികസനകാര്യം | ശ്രീമതി. ശ്രീകല അജിത് കുമാർ | 01.04.2014 മുതൽ 31.03.2015 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.സോണിക്കുട്ടി | 01.04.2014 മുതൽ 31.03.2015 വരെ |

| | | | |
|---|---|---|---|
| 4 | ആരോഗ്യകാര്യം വിദ്യാഭ്യാസകാര്യം | ശ്രീ. കെ.സി. ജോസഫ് | 01.04.2014 മുതൽ 31.03.2015 വരെ |

## 4)മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ. എം.എ. സിറാജുദ്ദീൻ | 01.04.2014മുതൽ31.03.2015വരെ |
| 2 | വെറ്ററിനറി സർജൻ | ശ്രീമതി. ദിവ്യ ചന്ദ്രൻ | 01.04.2014മുതൽ 31.03.2015വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈവസർ | ശ്രീമതി. രാജശ്രീ.<br>ശ്രീമതി.ശുഭ. | 01.04.2014മുതൽ30.09.2014 വരെ<br>01.10.2014 മുതൽ31.03.2015വരെ |
| 5 | വി.ഇ.ഒ | ശ്രീ.ആന്റണി റോഷൻ<br>ശ്രീ. അനിൽ കുമാർ | 01.04.2014മുതൽ 30.09.2014വരെ<br>01.10.2014 മുതൽ31.03.2015വരെ |
| 6 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.വിനീത | 01.04.2014മുതൽ 31.03.2015വരെ |
| 7 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സുഭാഷ് | 01.04.2014മുതൽ 31.03.2015വരെ |
| 8 | എച്ച്.എം. എൽ.പി.എസ് | ശ്രീമതി. ഇന്ദിര | 01.04.2014മുതൽ 31.03.2015വരെ |
| 9 | അസി.സെക്രട്ടറി | ശ്രീമതി.സുജാത | 01.04.2014മുതൽ 31.03.2015വരെ |
| 10 | അസി. എഞ്ചിനിയർ | ശ്രീ.ലാൽകുമാർ | 01.04.2014മുതൽ13.01.2015വരെ |

| | | | |
|---|---|---|---|
| | | ശ്രീമതി. സ്നേഹാ ബാബു | 14.01.2015മുതൽ31.03.2015വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-11 |
| | **ഭാഗം 2** | |
| 2 | ഉത്സവ അഡ്വാൻസ് -തിരിച്ചടവ് രേഖകളില്ല. | 2-1 |
| 3 | വസ്തു നികുതി ഇനത്തിൽ ഭീമമായ കുടിശ്ശിക. | 2-2 |
| 4 | കാവാലം-തട്ടാശ്ശേരി ജംഗാർ- സുരക്ഷാ ക്രമീകരണങ്ങളില്ലാതെയും, കരാറുകൾ പാലിക്കാതെയും സർവ്വീസ് നടത്തുന്നു. | 2-3 |
| 5 | തൊഴിൽ നികുതി- ഈടാക്കാത്തത് സംബന്ധിച്ച് | 2-4 |
| 6 | പദ്ധതി വിഹിതത്തിൽ ഷോർട്ട് ഫാൾ- ഗ്രാമ പഞ്ചായത്തിന് 3ലക്ഷം രൂപ നഷ്ടപ്പെട്ടു. | 2-5 |
| 7 | മൊബൈൽ ടവറുകളുടെ വസ്തു നികുതി. | 2-6 |
| | **ഭാഗം 3** | |
| 9 | ജ്വാല-സമഗ്ര സ്ത്രീസുരക്ഷാ പദ്ധതി-വികസന ഫണ്ട് പാഴായി. | 3-1 |
| 10 | ആർജ്ജിതാവധി സറണ്ടർ അധിക തുക നൽകി. | 3-2 |
| 11 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ -ഫണ്ട് വിനിയോഗത്തിലെ അപാകതകൾ | 3-3 |
| 12 | പഞ്ചായത്ത് ഓഫീസ് നവീകരണം - കൺവീനർക്ക് അധിക തുക നൽകി. | 3-4 |

| | | |
|---|---|---|
| 13 | ഉറവിട മാലിന്യ സംസ്ക്കരണം - ഗാർഹിക ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം - പൂർണ്ണമായ ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 3-5 |
| 14 | ആയൂർവ്വേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ -- അപാകതകൾ. | 3-6 |
| 15 | നെൽവിത്തിന് സബ്സിഡി-വിതരണ രേഖകൾ ഹാജരാക്കിയില്ല. | 3-7 |
| 16 | എച്ച്.എം. ഗവ. എൽ.പി.ജി.എസ്സ്. കാവാലം നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്റ്റുകൾ | 3-8 |
| 17 | ടി.എസ്.പി ഫണ്ടിന്റെ തിരിച്ചടവ്. | 3-9 |
| 18 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. | 3-10 |
| | **ഭാഗം 4** | |
| 19 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-9 |


# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 15.02.14 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 88958000 | 87461000 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2014-15 | 31.7.2015 | 14.06.15 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2014-15 | കെ.എസ്.എ.എ.എൽ.പി- ജിഎ5-1136/15(ക്യു.31) -14.12.15 | കാളിഫൈഡ് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12703372 |
| വരവ് | 47095816 |
| ആകെ | 59799188 |
| ചെലവ് | 46751409 |
| നീക്കിയിരിപ്പ് | 13047779 |

**1-5 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 909873 | 7044000 | 7953873 | 7423031 | 530842 | 93% |
| വികസനഫണ്ട് എസ്.സി.പി. | 1736681 | 1813000 | 3549681 | 1252771 | 2296910 | 35% |
| വികസനഫണ്ട് ടി.എസ്.പി. | – | 24000 | 24000 | 24000 | – | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 3973318 | 1337000 | 1734318 | 1515219 | 219099 | 87% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 420542 | 218000 | 2600542 | 1765846 | 834696 | 68% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 775458 | 4668356 | 5443814 | 4080852 | 1362962 | 87% |
| പെർഫോമൻസ് ഗ്രാന്റ് | 856510 | 2356000 | 3212510 | 769789 | 2442721 | 24% |
| എം.എൻ.ആർ. ഇ. ജി.എസ്. | 253834 | 1750560 | 2004394 | 1890334 | 114060 | 94% |
| ബി ഫണ്ട് | – | 14253665 | 14253665 | 14253665 | – | 100% |

**1-6പദ്ധതി അവലോകനം.**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 136 | 29080738 | 110 | 17873827 | 20 | 6 | 81% |

**1-7 <u>തനത് വരുമാനം.</u>**

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2014-15 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 36 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2013-14) | തൻവർഷം (2014-15) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 981215 | 1981696 | (-)1000481 | 101 |
| നികുതിയേതര വരവുകൾ | 3164068 | 709293 | 2454775 | (-) 77.5 |
| മറ്റ് വരവുകൾ | 60665 | 4916 | 55749 | (-) 91.8 |
| **ആകെ** | **4205948** | **2695905** | **1510043** | **35%** |

**1-8 <u>ക്ഷേമപദ്ധതികൾ</u>**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 459960 | 183 |
| കർഷകതൊഴിലാളി പെൻഷൻ | 7980794 | 1134 |
| | | |

| | | |
|---|---|---|
| വിധവാപെൻഷൻ | 2337370 | 360 |
| വാർദ്ധക്യകാലപെൻഷൻ | 1087890 | 227 |
| വികലാംഗപെൻഷൻ | 1804645 | 187 |
| അവിവാഹിതപെൻഷൻ | 305550 | 40 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 270000 | 6 |

**1-9 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.07.2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനയിൽ 3328/-രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-10 ആഭ്യന്തരനിയന്ത്രണം.**

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് അപാകതകളുള്ളതായി കാണുന്നു. പ്രധാന തനതു വരുമാനമായ തൊഴിൽ നികുതി സംബന്ധിച്ച സ്ഥാപന രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകൾ, പൊതു ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.07.2016 | 6/2016 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.3.2016- 9.3.2016 | 2010-11 മുതൽ 2014-15 വരെ | 6.05.2016 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഉത്സവ അഡ്വാൻസ് -തിരിച്ചടവ് രേഖകളില്ല.

2014-15 വർഷം പഞ്ചായത്തിലെ എൽഡി ക്ലർക്കായിരുന്ന ശ്രീ. സന്തോഷ് കുമാർ.കെ.ആർ. ഉത്സവ അഡ്വാൻസായി 10,000/- രൂ. കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ടിയാളുടെ പക്കൽ നിന്നും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ രണ്ട് ഗഡുക്കളായി 4000/- രൂ. മാത്രമേ ഈടാക്കിയതായി കാണുന്നുള്ളൂ. ബാക്കി തുക 6,000/- രൂപ ഈടാക്കിയതായി കാണുന്നില്ല. ആയതിന്റെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻകയറി നം. 9 ന് നൽകിയ മറുപടിയിൽ ടിയാൻ കുത്തിയതോട് ഗ്രാമപഞ്ചായത്തിലേയ്ക്ക് 07-11-2014 ൽ സ്ഥലം മാറിപ്പോയതിനാൽ ബാക്കി തുക തിരികെ പിടിച്ചിട്ടില്ലെന്നും, കൈപ്പറ്റിയ തുകയിൽ ബാക്കി കുത്തിയതോട് ഗ്രാമപഞ്ചായത്തിൽ റിക്കവറി നടത്തി കാവാലം ഗ്രാമപഞ്ചായത്തിലേയ്ക്ക് അയച്ചു തരുവാൻ അറിയിച്ചിട്ടുണ്ടെന്നും, അതിൻ പ്രകാരം അവിടെ റിക്കവറി നടത്തിയിട്ടുണ്ടെന്നും ടി തുക

ഈ പഞ്ചായത്തിൽ അടവാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം അറിയിച്ചിട്ടുണ്ട്. തുക അടവാക്കിയ വിവരം ഓഡിറ്റൽ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 2-2 വസ്തു നികുതി ഇനത്തിൽ ഭീമമായ കുടിശ്ശിക.

പഞ്ചായത്ത് 2014-15 വർഷം വസ്തു നികുതിയിനത്തിലും, സേവനനികുതിയിനത്തിലും ആകെ ഡിമാന്റ് ചെയ്തതിന്റെ പകുതിയോളം തുക (49.91%) പിരിച്ചെടുക്കാൻ ബാക്കി നില്ക്കുന്നു. തനതു വരുമാനത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകളായ കെട്ടിടനികുതിയും, അതിന്റെ സേവനനികുതിയും ഇത്തരത്തിൽ കുടിശ്ശികയായി നിർത്തുന്നത് ശരിയായ പ്രവണതയല്ല. കുടിശ്ശിക ഇങ്ങനെ ഗണ്യമായി വർദ്ധിക്കുവാനുണ്ടായ കാരണം വിശദമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/20.07.16) മറുപടിയിൽ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | | ഡിമാന്റ് | കളക്ഷൻ | കുടിശ്ശിക | കുടിശ്ശിക ശതമാനം |
|---|---|---|---|---|---|
| കെട്ടിടനികുതി | കുടിശ്ശിക | 1197855 | 586175 | 611680 | 51.06% |
| | തനത് | 1487277 | 751148 | 736129 | 49.49% |
| | ആകെ | 2685132 | 1337323 | 1347809 | 50.19% |
| സേവന നികുതി | കുടിശ്ശിക | 139182 | 70627 | 68555 | 49.25% |
| | തനത് | 180140 | 91736 | 88404 | 49.07% |
| | ആകെ | 319322 | 162363 | 156959 | 49.15% |
| ആകെ | | 3004454 | 1499686 | 1504768 | 49.91% |

## 2-3 കാവാലം-തട്ടാശ്ശേരി ജംഗാർ- സുരക്ഷാ ക്രമീകരണങ്ങളില്ലാതെയും, കരാറുകൾ പാലിക്കാതെയും സർവ്വീസ് നടത്തുന്നു.

2008- 09 വർഷം 40,000/- രൂപയ്ക്ക് മാത്രം ലേലം കൊണ്ട ഈ കടത്ത് 2009-10മുതൽ 2011-12 വരെയും 2012-13 മുതൽ 2014-15 വരെയും 2015-16 മുതൽ 2016-17 വരെയും നടത്താൻ അനുമതി ലഭിച്ചിട്ടുള്ളത് ശ്രീ.കെ.സുധീർ,പുത്തൻപറമ്പ്, പെരുമ്പള്ളിക്കൽ വലിയഴീക്കൽ എന്നൊരാൾക്കാണ്. കഴിഞ്ഞ എട്ട് വർഷമായി കടത്തിന്റെ കരാർ എടുത്തിട്ടുള്ള ടിയാൾ, 2009-10 ൽ കടത്ത് ലേലം പിടിച്ചത് ആദ്യത്തെ വർഷത്തിൽ നിന്നും അഞ്ചിരട്ടി അധിക തുകയായ 2,03,333/- രൂപയ്ക്കാണ്. അടുത്ത മൂന്ന് വർഷത്തേയ്ക്ക് ഇതേ തുകയ്ക്ക് ടിയാൾ തന്നെയാണ് കടത്ത് നടത്തി വന്നിരുന്നത്. 2012-13 ൽ ഭരണസമിതി വീണ്ടും 29-02-2012 ലെ III(4) -ാം നമ്പർ തീരുമാന പ്രകാരം ടിയാന് അടുത്ത മൂന്ന് വർഷത്തേയ്ക്ക് കരാർ ഉറപ്പിച്ചു നൽകിയത് 2,23,666/- രൂപയ്ക്ക്. അതായത് മുൻ വർഷത്തേതിൽ നിന്നും 10% അധിക നിരക്കിൽ മാത്രം. ഈ സ്ഥിതി 2014-15 വരെ തുടർന്നു. ഇപ്പോഴും തുടരുന്നു. കടത്ത് ലേലത്തിന് വെയ്ക്കാതെ കഴിഞ്ഞ രണ്ട് തവണയായി പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങളിലൂടെ കരാർ നീട്ടി നൽകുകയാണ് ചെയ്തിട്ടുള്ളത്. അതും നാമമാത്രമായ വർദ്ധനവ് വരുത്തി മാത്രം. ഇക്കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കാവാലം പോലൊരു പ്രദേശത്ത് ഇതിൽ കൂടുതൽ തുകയ്ക്ക്

വിളി കേൾക്കുവാൻ ആരും വരില്ലെന്ന് കമ്മറ്റിയ്ക്ക് ഉത്തമ ബോദ്ധ്യമുള്ളത് കൊണ്ടാണ് കമ്മറ്റി ഇങ്ങനെയൊരു തീരുമാനമെടുത്തതെന്നാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ കമ്മറ്റി എങ്ങിനെയാണ് ഇത്തരമൊരു തീരുമാനത്തിൽ എത്തിച്ചേർന്നതെന്നറിയില്ല. തന്നെയുമല്ല, കരാറിൽ ഏർപ്പെടുന്ന ടിയാൾ ഒരിക്കൽ പോലും അത് കൃത്യമായി പാലിച്ചതായോ, കൃത്യ സമയത്ത് കരാർ പണം അടച്ചതായോ രേഖകളില്ല. കരാർ തുകയുടെ ഇരട്ടി മൂല്യമുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധന ഈ എട്ട് വർഷത്തിൽ ഒരിക്കൽ പോലും ടിയാൾ പാലിച്ചിട്ടില്ല. അതുപോലെ കനാൽ ഓഫീസർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, പോർട്ട് ഓഫീസർ നല്കുന്ന സർവ്വേ സർട്ടിഫിക്കറ്റ് എന്നിങ്ങനെയുള്ള ബോട്ടിന്റെ സുരക്ഷാ സംബന്ധമായ സർട്ടിഫിക്കറ്റുകൾ ഈ എട്ട് വർഷത്തിൽ ആകെ ഒരു തവണ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. അതിന്റെ കാലാവധി അവസാനിച്ചിട്ട് നാളേറെയായി. സുരക്ഷാ സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ ഇൻഷ്വറൻസ് കവറേജും കടത്തിനില്ല. വള്ളത്തിന്റെ തട്ട് ദ്രവിച്ച് അപകടാവസ്ഥയിലാണെന്നും, 20 ടണ്ണിൽ കൂടുതൽ ഭാരം കയറ്റുന്നു എന്നിങ്ങനെ സുരക്ഷാ കാരണങ്ങൾ ചൂണ്ടിക്കാട്ടി 27-05-14 ൽ പുളിങ്കുന്ന് സർക്കിൾ ഇൻസ്പെക്ടറും, ഇതേ കാരണങ്ങൾ ഓർമ്മിപ്പിച്ച് സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പി യുടെ കത്തിന്റെ അടിസ്ഥാനത്തിൽ ബഹു. ജില്ലാ കളക്ടറും പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. അതുപോലെ കടത്തുകൂലി കരാറിൽ പറഞ്ഞ പ്രകാരമുള്ള ഒരു രൂപയിൽ നിന്നും രണ്ട് രൂപയായി സ്വയം വർദ്ധനവ് വരുത്തി. പഞ്ചായത്തിന്റെ നിരന്തര ഇടപെടൽ മൂലം പിന്നീടത് തിരുത്തി. ഇങ്ങനെ ലംഘിക്കപ്പെടാൻ വേണ്ടി മാത്രമാണ് ഈ കരാർ തന്നെ ചമച്ചതെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ലേലത്തിന്റെ കാര്യത്തിൽ പഞ്ചായത്തിന്റെ വാദം ഒരു പരിധി വരെ അംഗീകരിച്ചാലും, സുരക്ഷയുടെ കാര്യത്തിൽ അലംഭാവം ഉണ്ടാകുന്നത് ശരിയായ നടപടിയല്ല. ആയതിനാൽ വള്ളത്തിന്റെ കേടുപാടുകൾ തീർത്ത് സുരക്ഷാ സർട്ടിഫിക്കറ്റുകളും, ഇൻഷ്വറൻസും, സോൾവൻസി സർട്ടിഫിക്കറ്റും ലഭ്യമാക്കുന്നതിന് കരാറുകാരന് കർശന നിർദ്ദേശം നല്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി- ഈടാക്കാത്തത് സംബന്ധിച്ച്

പഞ്ചായത്ത് 2014-15 വർഷം തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ താഴെ പറയുന്നവരിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല. നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. \

| ക്രമ നം. | സ്ഥാപനങ്ങളുടെ പേര് | കാലയളവ് | തൊഴിൽനികുതി/ സ്ഥാപനനികുതി |
|---|---|---|---|
| 1. | സപ്ലൈകോ,കാവാലം | 1 & 2 അർദ്ധവർഷങ്ങൾ | സ്ഥാപനനികുതി |
| 2. | എൽഎസ്സ്ജിഡി, കാവാലം | രണ്ടാം അർദ്ധവർഷം | തൊഴിൽനികുതി |
| 3. | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, കാവാലം | 1 & 2 അർദ്ധവർഷങ്ങൾ | തൊഴിൽനികുതി/ സ്ഥാപനനികുതി |

## 2-5 പദ്ധതി വിഹിതത്തിൽ ഷോർട്ട് ഫാൾ- ഗ്രാമ പഞ്ചായത്തിന് 3ലക്ഷം രൂപ നഷ്ടപ്പെട്ടു.

2012-13 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ട് (റോഡ്) വിനിയോഗത്തിൽ കുറവ് വന്നതു മൂലം 2014-15 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് വകയിരുത്തിയിരുന്ന വിഹിതത്തിൽ നിന്നും ഷോർട്ട്ഫാൾ ഇനത്തിൽ 1.34 ലക്ഷം രൂപ കുറവ് ചെയ്തിട്ടുണ്ട്. 2012-13 വർഷത്തിൽ ഷോർട്ട്ഫാൾ ഇനത്തിൽ കുറവ് വരുത്താതിരിക്കുന്നതിനുള്ള കുറഞ്ഞ ചെലവ് പരിധി 60% മായിരുന്നു. എന്നാൽ 2012-13 വർഷത്തെ ഫണ്ട് വിനിയോഗത്തിൽ കുറവ് വന്നതു മൂലം ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന 3 ലക്ഷം രൂപയാണ് ഇപ്രകാരം നഷ്ടമായത്.

പദ്ധതിപ്രവർത്തനങ്ങളിൽ ഭരണസമിതി കൃത്യമായ വിധം മേൽനോട്ടം വഹിക്കഞ്ഞതു മൂലമാണ് ഇപ്രകാരം സംഭവിച്ചത്. ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിൽ ലഭിക്കുന്ന

ഫണ്ടുകൾ കൃത്യമായി വിനിയോഗിക്കുന്നവെന്ന് ഉറപ്പ് വരുത്തുവാൻ ഭരണസമിതി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

### 2-6 മൊബൈൽ ടവറുകളുടെ വസ്തു നികുതി.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിരവധി മൊബൈൽ ടവറുകൾ സ്ഥിതി ചെയ്യുന്നുണ്ട്. മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് പഞ്ചായത്തിൽ നിന്ന് പെർമിറ്റ് വാങ്ങേണ്ടതും നിയമ പ്രകാരമുള്ള വസ്തു നികുതി ഈടാക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിലുള്ള മൊബൈൽ ടവറുകളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, ഈടാക്കിയ വസ്തു നികുതിയുടെ വിവരം എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/18.07.16) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മൊബൈൽ ടവറുകളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, നികുതി ഈടാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ജ്വാല-സമഗ്ര സ്ത്രീസുരക്ഷാ പദ്ധതി-വികസന ഫണ്ട് പാഴായി.

പ്രോജക്ട് നം – 61/2015

നിർവ്വഹണം – ഐസിഡിഎസ് സൂപ്പർവൈസർ
പദ്ധതി അടങ്കൽ – 2,15,000/-

ചെലവുതുക – 13,825/- (ബിൽ നം 6/2014-15/ 26.3.2015)

വാർഡുതലത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വോളന്ററിയർമാർക്ക് ഏകദിന ശില്പശാല, വനിതകൾക്ക് യോഗ പരിശീലനം, കരാട്ടെ പരിശീലനം, സുരക്ഷാപ്പെട്ടി സ്ഥാപിക്കൽ മുതലായവയാണ് അംഗീകൃത പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിരുന്നത്. ഇപ്രകാരെ പരിശീലനം ലഭിക്കുന്ന വനിതാ വോളന്ററിയർമാരുടെ നേതൃത്വത്തിൽ വാർഡുതലത്തിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന സ്ത്രീസുരക്ഷാ പദ്ധതി നടപ്പിലാക്കുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. എന്നാൽ കാവാലം പിഎച്ച്സി ഹാളിൽ വെച്ച് ഒരു ഏകദിന ശില്പശാല നടത്തുക മാത്രമാണ് ടി പ്രോജക്റ്റ് പ്രകാരം ചെയ്തിട്ടുള്ളത്. ഇതിനായി വികസന ഫണ്ടിൽ നിന്നും താഴെപറയുംപ്രകാരം 13,825 രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രിന്റിംഗ് & സ്റ്റേഷനറി -- 2660

ചായ, ഉച്ചഭക്ഷണം --- 9165

ഓണറേറിയം --- 2000

ജിഒ(എംഎസ്) 362/2013/തസ്വഭവ തീയതി 16.11.2013പ്രകാരമുള്ള പന്ത്രണ്ടാം പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖയിൽ ഉല്പാദനപരമല്ലാത്ത ബോധവത്കരണ ക്യാമ്പുകൾ, മേളകൾ, സെമിനാറുകൾ തുടങ്ങിയവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുവാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സമഗ്ര സ്ത്രീസുരക്ഷാ പദ്ധതിയെന്ന പേരിൽ 2,15,000 രൂപ വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കുകയും കേവലം ഒരു ശില്പശാല നടത്തി പ്രവർത്തനം അവസാനിപ്പിക്കുകയും ചെയ്തത് ശരിയായ നടപടിയല്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ജനങ്ങൾക്ക് പ്രയോജനപ്രദമായ യാതൊരു തുടർപ്രവർത്തനവും നടത്താതെ വെറുമൊരു ശില്പശാല നടത്തുന്നതിനായി വികസന ഫണ്ട് വിനിയോഗിച്ചത് സർക്കാർ ഫണ്ടിന്റെ പാഴ്ചെലവാണ്. ആയതിനാൽ മേൽ പദ്ധതിയ്ക്കായി ചെലവഴിച്ച 13,825രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായ ഐസിഡിഎസ് സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ആർജ്ജിതാവധി സറണ്ടർ അധിക തുക നൽകി.

എൻ.ആർ.ഇ.ജി.എസ്.ജീവനക്കാരുടെ ആർജ്ജിതാവധി സംബന്ധിച്ച സർക്കുലർ നം.18805/ മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്.സെൽ. 01/10/സി.ആർ.ഡി. തീ. 18/05/2011 പ്രകാരം ജീവനക്കാർക്ക് ഒരു വർഷത്തിൽ അനുവദിക്കാവുന്ന ആർജ്ജിതാവധി 15 ആയിരിക്കെ, താഴെ ചേർത്തിരിക്കുന്ന കരാർ ജീവനക്കാർക്ക് 2015 മാർച്ച് മാസം 20 ദിവസം സറണ്ടർ അനുവദിച്ചിരിക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര്, തസ്തിക | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ച തുക | ചെക്ക് നം/ തീയതി |
|---|---|---|---|---|---|
| 1 | മഞ്ജു.ആർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ, (12000/-) | 8000 | 6000 | 2000 | 194666/ 31.3.15 |
| 2 | മഞ്ജു.പി.കെ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ (12000/-) | 8000 | 6000 | 2000 | 194669/ 31.3.15 |
| ആകെ അധികം അനുവദിച്ച തുക | | | | 4000 | |

ക്രമ വിരുദ്ധമായി ആർജ്ജിതാവധി അധികം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനും, ഗ്രാമപഞ്ചായത്തിലെ കരാർ ജീവനക്കാരുടെ ലീവ്, ആർജ്ജിതാവധി സറണ്ടർ ചെയ്ത വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടുള്ള സേവന പുസ്തകം (രജിസ്റ്റർ) പരിശോധനക്ക് ഹാജരാക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/21.07.16) സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കിയ മറുപടിയിൽ ജീവനക്കാർക്ക് അധികമായി നൽകിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ക്രമ വിരുദ്ധമായി അനുവദിച്ച 4000/- രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതും, ലീവ് വിവരം സംബന്ധിച്ച രജിസ്റ്റർ കൃത്യമായി തയ്യാറാക്കേണ്ടതുമാണ്.

## 3-3 മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ -ഫണ്ട് വിനിയോഗത്തിലെ അപാകതകൾ

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിലെ വാർഡുകൾക്കായി ശുചിത്വ മിഷന്റെ അക്കൗണ്ടിൽ നിന്നും വാർഡൊന്നിന് 10,000 രൂപ വീതം ആകെ 1,30,000 രൂപ നൽകിയിട്ടുണ്ട്. കുമ്മായം, എലിവിഷം എന്നിവ വാങ്ങുന്നതിനും മറ്റ് ശുചീകരണ പ്രവർത്തനങ്ങൾക്കുമാണ് തുക ചെലവഴിച്ചിരിക്കുന്നത്. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ശുചിത്വ മിഷൻ ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കാതെ ക്യാഷായി പിൻവലിച്ച് കൈവശം വെച്ച് ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് ക്രമ വിരുദ്ധമാണ്. ലഭിക്കുന്ന തുക ഇതിനായുള്ള അക്കൗണ്ടിൽ നിക്ഷേപിച്ച് ആവശ്യാനുസരണം ചെക്ക്/ ഡി.ഡി മുഖേനയാണ് തുക ചെലവഴിക്കേണ്ടത്. വാർഡുതല സാനിട്ടേഷൻ സമിതി കൺവീനർമാർ ലഭ്യമാക്കിയ കണക്കുകൾ പരിശോധിച്ചതിൽ, കുമ്മായം, എലിവിഷം എന്നിവ വാങ്ങിയതിന് പല കൺവീനർമാരും ബില്ലുകൾക്കു പകരം അതത് കടകളിൽ നിന്നുള്ള എസ്റ്റിമേറ്റ്, കൊട്ടേഷൻ എന്നിവയാണ് ഹാജരാക്കിയിട്ടുള്ളത്. 4210 രൂപയ്ക്ക് എലിവിഷം വാങ്ങിയതിന് വാർഡ് നം-3, 7 എന്നിവയിലെ കൺവീനർ ഹാജരാക്കിയ എസ്റ്റിമേറ്റിലെ തീയതി 29.3.14 ആണ്. എന്നാൽ പഞ്ചായത്തിൽ നിന്നും 143673, 143677 എന്നീ ചെക്കുകൾ പ്രകാരം രണ്ടു വാർഡുകൾക്കായ് 20,000 രൂപ ടിയാന് 16.7.2014 ലാണ് നല്കിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിച്ചുകൊള്ളാമെന്നാണ് ഇതുസംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് മറുപടിയായി അറിയിച്ചിട്ടുള്ളത്. സർക്കാർ ധനം കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിൽ വീഴ്ചവരുത്തിയതു് ഗൗരവമായി കാണേണ്ടതാണ്. ആയതിനാൽ രൂ.4210/- എലിവിഷം വാങ്ങുന്നതിനായി ചെലവഴിച്ചത് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. (ചെക്ക് നം.143761 to 143773 തീയതി: 16.07.14)

## 3-4 പഞ്ചായത്ത് ഓഫീസ് നവീകരണം - കൺവീനർക്ക് അധിക തുക നൽകി.

പ്രോജക്ട് നം. : 49/15

കൺവീനർ : ഓമന വിദ്യാധരൻ

നിർവ്വഹണം : അസി.എഞ്ചിനിയർ

ബിൽ നം. : 5/14-15/31.10.14 – 541081/-

6/14-15/31.10.14 – 292911/-

ആകെ 833992/-

അസിസ്റ്റന്റ് എഞ്ചിനിയർ 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പ്രവൃത്തിയുടെ അളവ് പുസ്തകം 6/14-15 (പുറം 12, 44) പ്രകാരം ഇനം 11 ആയി 63.99m$^3$ ഗ്രാവലുപയോഗിച്ച് ബേസ്സ് മെന്റ് ഫില്ലിംഗ് നടത്തിയതായി അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ഫില്ലിംഗ് അളവ് 63.99m$^3$ എന്ന് രേഖപ്പെടുത്തേണ്ടതിന് പകരം 64.99m$^3$ എന്ന് രേഖപ്പെടുത്തിയതു മൂലം കൺവീനർക്ക് 697/- രൂപ അധികം നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| | എം.ബുക്ക് പ്രകാരം | | നൽകാവുന്ന | | അധികം നൽകിയത് |
|---|---|---|---|---|---|
| | അളവ് | തുക | അളവ് | തുക | |
| ഫില്ലിംഗ് കോൺക്രീറ്റ് | 64.99 | | 63.99 | | |
| (-) 10% | 6.49 | | 6.39 | | |
| നെറ്റ് കോൺക്രീറ്റ് | 58.50 | 45308 (7745/10m$^3$) | 57.60 | 44611 | 697 |

കൺവീനർക്ക് അധികമായി നൽകിയ 697/- രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

<u>കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗപ്പെടുത്തിയില്ല.</u>

പ്രവർത്തിയുടെ ഇനം 8 ആയി 9.14m$^3$ സാധാരണ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഈ മണ്ണ് ഫില്ലിംഗിന് യോഗ്യമല്ലായെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരാരും. അളവ് പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ഇനം 11 ആയി 64.99m$^3$ ഗ്രാവലുപയോഗിച്ച് ബേസ്മെന്റ് ഫില്ലിംഗ് നടത്തിയതായി രേഖപ്പെടുത്തി തുക ചെലവഴിച്ചിട്ടുമുണ്ട്. ഒന്നാമിനമായി കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് യോഗ്യമാണെന്നിരിക്കെ ഇതിന്റെ 60% എങ്കിലും വിനിയോഗിക്കാതിരുന്നതുമൂലം (9.14 x 60%) - 5.48 m$^3$ ഗ്രാവലിന് 7745/10m$^3$ നിരക്കിൽ 4244/- രൂപ അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/22.07.16) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനീയറിൽ നിന്നും മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ 4244/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഉറവിട മാലിന്യ സംസ്ക്കരണം - ഗാർഹിക ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം- പൂർണ്ണമായ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ 2014-15 വാർഷിക പദ്ധതിയിലുൾപ്പെടുത്തി അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ടി പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ചേർത്തലയിലുള്ള പെലിക്കൺ

ബയോടെക് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് നിർവ്വഹണം ടി യൂണിറ്റിനെയാണ് ഏൽപ്പിച്ചിരുന്നത്. ടെണ്ടർ പ്രകാരം ഒരു ബയോഗ്യാസ് യൂണിറ്റിന് 7100/- രൂപയാണ് കപാട്ട് ചെയ്തിരുന്നത്. പദ്ധതിയ്ക്കായി 30 പേർ ഗുണഭോക്തൃ വിഹിതം (1775/-രൂപ വിതം) ഒടുക്കിയതിന്റെ അടിസ്ഥാനത്തിൽ 30 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ 213000/-രൂപ (30x7100/-) ഗ്രാമ പഞ്ചായത്തിൽ നിന്നും അസി.എഞ്ചിനിയർക്ക് താഴെ പറയുന്ന പ്രകാരം നൽകിയിട്ടുണ്ട്.

| ചെക്ക് നം. / തീയതി | തുക |
|---|---|
| 1019585/29.11.2014 | 42600 |
| 1019595/10.02.2015 | 142000 |
| 1019596/12.02.2015 | 28400 |
| ആകെ | 213000 |

പ്രസ്തുത സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ക്യാഷ് ബില്ലുകൾ പ്രകാരം 26 യൂണിറ്റുകൾ സ്ഥാപിച്ചു നൽകിയ ഇനത്തിൽ 184600/- രൂപയാണ് സ്ഥാപനത്തിന് നൽകേണ്ടത്. എന്നാൽ സ്ഥാപനത്തിന് താഴെ പറയും പ്രകാരം 171678/- രൂപയാണ് അസി. എഞ്ചിനിയർ നൽകിയിട്ടുള്ളത്.

| ഡി.ഡി. നം. / തീയതി | തുക |
|---|---|
| 653127/17.12.2014 | 39618 |
| 653265/23.02.2015 | 132060 |
| ആകെ | 171678 |

അസി. എഞ്ചിനിയർക്ക് നൽകിയ തുകയുടെ ക്രെഡിറ്റ് വിവരം, (ബാങ്ക് അക്കൗണ്ട്) ശേഷിക്കുന്ന തുകയുടെ 41322/- വിവരം (ഏത് അക്കൗണ്ടിൽ), പദ്ധതിയുടെ പൂർത്തീകരണ വിവരം, നിലവിലെ സ്ഥിതി വിവരം എന്നിവ ഓഡിറ്റിൽ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/21.07.16) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.

എഞ്ചിനിയർ മറുപടി ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് വിവരങ്ങൾ ലഭ്യമാക്കാത്ത 41322/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ -- അപാകതകൾ.

പ്രോജക്ട് നം - 19/2015

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

ചെലവുതുക - 2,50,000/-

ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം 10/2015) എന്ന പദ്ധതി പ്രകാരം 2,50,000 രൂപ ചെലവഴിച്ച് കണ്ണൂർ പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും ആശുപത്രിയിലേയ്ക്ക് ആവശ്യമായ മരുന്ന് വാങ്ങിയിട്ടുണ്ട്. ജിഒ(ആർറ്റി) 876/ 2014/ തസ്വഭവ 25.3.2014, അനുസരിച്ച് ഔഷധിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ മാത്രമാണ് പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും വാങ്ങുവാൻ അനുവാദമുള്ളു. എന്നാൽ ഔഷധിയിൽ ലഭ്യമായ മരുന്നുകളാണ് പാട്യം സൊസൈറ്റിയിൽ നിന്നും വാങ്ങിയിട്ടുള്ളത്. കൂടാതെ വാങ്ങിയ മരുന്നുകൾ കൃത്യമായി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നതായി കാണുന്നില്ല. വിതരണത്തിനായി പ്രധാന സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും വ്യത്യസ്ത തീയതികളിൽ എടുക്കുന്ന പല മരുന്നുകളും സബ് സ്റ്റോക്കിൽ കൃത്യമായി ചേർത്ത് വിതരണം ചെയ്യുന്നില്ല. ഉദാഹരണത്തിന് മുസ്താരിഷ്ടം പ്രധാന സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും 22.7.2015, 28.7.2015, 1.8.2015, 10.8.2015, 7.9.2015, 9.10.2015 തീയതികളിൽ വിതരണത്തിനായി എടുത്തിട്ടിട്ടുണ്ടെങ്കിലും സബ് സ്റ്റോക്കിൽ 10.8.2015, 7.9.2015, 9.10.2015 തീയതികളിൽ എടുത്ത മരുന്നുകളുടെ വിതരണ വിവരം മാത്രമാണ് കാണിച്ചിട്ടുള്ളത്.

2) <u>ഷഡഗതോയം ഔഷധവിതരണം (പ്രോജക്ട് നം 53/2015)</u>

ഓരോ വീട്ടിലും ഔഷധീകരിച്ച കുടിവെള്ളം ലഭ്യമാക്കുന്നതിനായി മേൽ പദ്ധതി പ്രകാരം ഒരു പായ്ക്കറ്റിന് 49.35 രൂപ പ്രകാരം പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും 3040ഷഡഗതോയം കഷായചൂർണ്ണ പായ്ക്കറ്റുകൾ വാങ്ങിയതിന് 1,50,000 രൂപ

ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ പായ്ക്കറ്റുകൾ ആശ, സിഡിഎസ് പ്രവർത്തകർ മുഖേന വീടുകളിൽ വിതരണം ചെയ്തിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2433പേരുടെ കൈപ്പറ്റ് രസീത് മാത്രമാണ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുള്ളത്. ശേഷിക്കുന്ന മരുന്നുകൾ ഒപി മുഖേന വിതരണം ചെയ്തിട്ടുള്ളതാണെന്നാണ് ഇതുസംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് മറുപടി നൽകിയത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. സർക്കാർ ഫണ്ട് വിനിയോഗിച്ച് വാങ്ങുന്ന മരുന്നുകൾ കൃത്യമായി സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്യുന്നതിന് കർശന നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 നെൽവിത്തിന് സബ്സിഡി-വിതരണ രേഖകൾ ഹാജരാക്കിയില്ല.

15പാടശേഖര സമിതികളിലെ 1047കർഷകർക്ക് കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായി ഒരു ഹെക്ടറിന് 100 Kgനെൽവിത്ത് എന്ന കണക്കിൽ നെൽവിത്ത് വാങ്ങി നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇപ്രകാരം തൃശൂർ കെഎസ്എസ്ഡിഎ -- യിൽ നിന്നും സബ്സിഡി നിരക്കിൽ വാങ്ങിയ 103478 Kg നെൽവിത്ത് വിവിധ പാടശേഖര സമിതികൾക്കായി വീതിച്ച് നൽകിയിട്ടുള്ളതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കർഷകർക്ക് യഥാർത്ഥിൽ ലഭിച്ച നെൽവിത്തിന്റെ അളവ് എത്രയാണെന്ന് വ്യക്തമല്ല. ഓരോ പാടശേഖര സമിതികളുടേയും കീഴിലുള്ള കർഷകരിൽ നിന്നും അവർക്ക് ലഭിച്ച വിത്തിന്റെ അളവ് സംബന്ധിച്ച കൈപ്പറ്റ് രസീത് പാടശേഖര സമിതികൾ മുഖേന ശേഖരിച്ച് ഫയലിൽ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

## 3-8 എച്ച്.എം. ഗവ. എൽ.പി.ജി.എസ്സ്. കാവാലം നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്റ്റുകൾ

1)<u>പൊതുവിദ്യാലയങ്ങളിലെ പെൺകുട്ടികളെ ആയോധന കല അഭ്യസിപ്പിക്കൽ</u>

പ്രോജക്റ്റ് നം. S0082/15

അടങ്കൽ 80,000/-
ചെലവ് വിവരം : വൗച്ചർ നം. 21400769/ 18.3.15

സർക്കാറിന്റെ സബ്സിഡി മാർഗ്ഗ രേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഈ പ്രോജക്റ്റ് നടപ്പാക്കിയത് സർക്കാരിൽ നിന്നുള്ള മുൻകൂർ അനുമതി ലഭ്യമാക്കാതെയാണ്. അനുവദിച്ച തുകയായ 80,000/-രൂപയിൽ ആകെ രൂ.12,875/-ചെലവഴിച്ചു. ഈ തുക ചെലവഴിച്ചത് കളരി ഗുരുക്കൾക്ക് രണ്ട് സ്കൂളുകളിലേയ്ക്കായി 18 ദിവസത്തേയ്ക്ക് രൂ.6975/-, ടീ ഷോപ്പിൽ രൂ.5900/- എന്നീ വകയിലും. ഈ പരിപാടിയിൽ എത്ര കുട്ടികൾ പങ്കെടുത്തുവെന്നോ, അവർ ഏത് ക്ലാസ്സിൽ പഠിക്കുന്നവരാണെന്നോ, എത്ര ദിവസം പരിശീലനം നടത്തിയെന്നോ, കുട്ടികൾക്ക് ഇതുകൊണ്ട് എന്തു പ്രയോജനം ലഭിച്ചുവെന്നോ, എങ്ങിനെയാണിത് സംഘടിപ്പിച്ചതെന്നോ ഉള്ള രേഖകളൊന്നും ഫയലിലില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9) മറുപടി ലഭ്യമാക്കിയില്ല. പെൺകുട്ടികളെ കായികപരമായി സജ്ജരാക്കുവാൻ സംഘടിപ്പിക്കുന്ന ഇത്തരം പദ്ധതികൾ പ്രയോജന പ്രദങ്ങളാണെങ്കിലും പദ്ധതി നടപ്പിലാക്കി എന്ന് പറയാൻ വേണ്ടി മാത്രം പദ്ധതികൾ തുടങ്ങി വെയ്ക്കുന്നത് ശരിയായ രീതിയല്ല. ഒരളവു വരെയെങ്കിലും അത് നല്ല രീതിയിൽ നടപ്പിലാക്കി എന്ന് ഉറപ്പു വരുത്തുവാനുള്ള ബാദ്ധ്യത പഞ്ചായത്തിനും, നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഉണ്ട്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) <u>പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള മേശ, കസേര വിതരണം</u>
ചെലവ് വിവരം : വൗച്ചർ നം. 21400840/ 25.3.15

പ്രോജക്റ്റ് നം. S0074/15 പ്രകാരം രൂ.1,56,000/- അടങ്കലോടു കൂടി നടപ്പാക്കിയ പദ്ധതിയാണിത്. 39 കുട്ടികൾക്ക് ഫർണീച്ചർ നൽകുവാനാണ് പദ്ധതി വിഭാവനം ചെയ്തത്. രൂ.1,12,000/- ചെലവഴിച്ച് 3 സ്കൂളുകളിലെ 28 കുട്ടികൾക്കായാണ് ഇത് നൽകിയിട്ടുള്ളത്. ഇതിൽ ഒരു സ്കൂൾ നിർവ്വഹണ ഉദ്യോഗസ്ഥ പ്രധാന അദ്ധ്യാപികയായ സ്കൂളാണ്. അവിടെ നിന്നാണ് 18 കുട്ടികളും. ബാക്കിയുള്ള രണ്ട് സ്കൂളുകളിൽ നിന്നായി 10 കുട്ടികളും പഞ്ചായത്ത് അതിർത്തിയിലുള്ള വേറൊരു സ്കൂളും ഈ പദ്ധതിയിൽ പങ്കെടുത്തതായോ, അവരെ ഈ പദ്ധതി അറിയിച്ചതായോ ഫയലിൽ രേഖകളില്ല. ഇതിൽ തന്നെ 18 കുട്ടികൾ പട്ടികജാതി

വിഭാഗത്തിൽപ്പെട്ട കുട്ടികളാണെന്ന് തെളിയിക്കുന്ന രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ, എന്നിവ ഹാജരാക്കിയില്ല. വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 9) മറുപടി യിൽ കുറവുകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-9 ടി.എസ്.പി ഫണ്ടിന്റെ തിരിച്ചടവ്.

2014-15 സാമ്പത്തിക വർഷത്തിൽ ടി.എസ്.പി ഫണ്ടായി ലഭിച്ച 24000/- രൂപയും ടി.എസ്.പി ഫണ്ട് തിരിച്ചടവ് എന്ന പേരിൽ പ്രോജക്ട് തയ്യാറാക്കി തിരിച്ചടച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ പട്ടിക വർഗ്ഗ കുടുംബങ്ങൾ ഇല്ലാത്തതിനാൽ എല്ലാ വർഷവും ടി ഇനത്തിൽ ലഭിക്കുന്ന തുക പൂർണ്ണമായും ഇത്തരത്തിൽ പ്രോജക്ട് തയ്യാറാക്കി തിരച്ചടയ്ക്കുകയും ചെലവ് 100% രേഖപ്പെടുത്തുകയുമാണ് ചെയ്തു വരുന്നത്. തന്മൂലം തുടർന്നുള്ള വർഷങ്ങളിലും ടി വിഭാഗത്തിൽ ഫണ്ട് കൂടുതലായി അനുവദിക്കപ്പെടുന്നു. ഗ്രാമ പഞ്ചായത്തിൽ പട്ടിക വർഗ്ഗ കുടംബങ്ങൾ ഇല്ലാത്തതിനാൽ നിലവിൽ ഈ ഫണ്ട് ആവശ്യമില്ല എന്നുള്ള വിവരം സർക്കാരിൽ രേഖാമൂലം ബോധിപ്പിച്ച് പ്രസ്തുത അപാകത ഒഴിവാക്കേണ്ടതാണ്.

## 3-10 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ദ്ധ തൊഴിലാളികൾ (18 വയസ്സിനു മുകളിൽ) ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതിയാണിത്. 2014-15 വർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)<u>രജിസ്ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം</u>

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 40 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2531 |

| | |
|---|---|
| തൊഴിലിനപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1584 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1584 |
| ആകെ പ്രവൃത്തി ദിനങ്ങൾ | 56466 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 11 |

2) ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

| | |
|---|---|
| ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | 1189 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 166 |
| തൻവർഷം പൂർത്തിയാക്കിയത് | 162 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | -- |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 4 |

3) വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 65 | 8426700 |
| 2 | ജലസംരക്ഷണം | 17 | 1851147 |
| 3 | ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 18 | 1468231 |
| 4 | ഐ.എ.വൈ | 62 | 296164 |
| | **ആകെ** | **162** | **12042242** |

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്കിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2014-15 | 500000 | ആശ്രയ പദ്ധതി | 500000 | -- |

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | തെരുവ് വിളക്കിന് പുതിയ ലൈൻ സ്ഥാപിക്കൽ | 28/11.3.15 | 29315 | 29315 | -- |

### 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ(സാ)നം. 960/2010 ത.സ്വ.ഭ.വ, 20.3.2010 | 9988500 | 4563596 | 998850 | -- | 3564746 |

## 4-5. <u>സ്ഥിരനിക്ഷേപങ്ങൾ</u>

ഇല്ല

## 4-6. <u>ഓഡിറ്റ് റിക്കവറി</u>

ഈയിനത്തിൽ തൻവർഷം ലഭിച്ച 289 രൂപയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തീയതി |
|---|---|---|---|---|
| 11-12, 12-13 | 2-2 | 289 | ജിഷ | 00172/22.7.14 |
| ആകെ | | 289 | | |

## 4-7. <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.</u>

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ

തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2003-04 | 2-4 | 2007-08, ഖ- 3.24.1 | ടെണ്ടർ ക്ഷണിക്കാതെ പൈപ്പ് വാങ്ങി | ഹൈക്കോടതിയുടെ പരിഗണനയിൽ |

**4-8. ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 47095816 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 46751409 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 6000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 22722 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 58441 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 6000 | | ശ്രീ.പി.എസ്.ശിഖിവാഹനൻ, സെക്രട്ടറി |
| | | | |

| | | | |
|---|---|---|---|
| 3-1 | | 13825 | ശ്രീമതി.ശുഭ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-2 | | 4000 | ശ്രീ.പി.എസ്.ശിഖിവാഹനൻ, സെക്രട്ടറി |
| 3-3 | | 4210 | എം.അനീഷ്, ജെ.എച്ച്.ഐ. |
| 3-4 | | 697 | ശ്രീ.ലാൽകുമാർ, അസി. എഞ്ചിനിയർ |
| **ആകെ** | **6000** | **22732** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 4244 | ശ്രീ.ലാൽകുമാർ, അസി. എഞ്ചിനിയർ |
| 3-5 | 41322 | ശ്രീമതി. സ്നേഹ ബാബു, അസി. എഞ്ചിനിയർ |
| 3-8 | 12875 | ശ്രീമതി. ഇന്ദിര, എച്ച്.എം, ഗവ.എൽ.പി.എസ് |
| **ആകെ** | **58441** | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.എസ്. ശിഖിവാഹനൻ, സെക്രട്ടറി | സെക്രട്ടറി, കാവാലം ഗ്രാമ പഞ്ചായത്ത് | പനയ്ക്കൽ ചിറയിൽ, കാട്ടൂർ.പി.ഒ, ആലപ്പുഴ |
| ശുഭ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | | മാളിയേക്കൽ ഹൗസ്, പെരിങ്ങാല.പി.ഒ, കായംകുളം |
| ഇന്ദിര, എച്ച്.എം, ഗവ.എൽ.പി.എസ് | | രാഹുൽ ഭവൻ, കാവാലം നോർത്ത്. പി.ഒ, കാവാലം |
| സ്നേഹ ബാബു, അസി. എഞ്ചിനിയർ | | അഷ്ടപദി, എൽ/33, എൽ.ഐ.സി.ലൈൻ, പട്ടം, പാലസ്. പി.ഒ, തിരുവനന്തപുരം |
| ലാൽകുമാർ, അസി. എഞ്ചിനിയർ | | ഷീല മന്ദിരം, നെടുങ്കോലം.പി.ഒ, കൊല്ലം |
| എം.അനീഷ്, ജെ.എച്ച്.ഐ | ജെ.എച്ച്.ഐ, കാവാലം പി.എച്ച്.സി. | പനവിള വീട്, തടിക്കട, അഞ്ചൽ, കൊല്ലം |

## 4-9. <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1984-85 | എൽ.എഫ്.എ.10/1402/87 തീയതി.11.02.88 |
| 1985-86 | എൽ.എഫ്.എ.10/1067/88 തീയതി09.03.89 |
| | |

| | |
|---|---|
| 1986-87 | എൽ.എഫ്.എ.10/1171/89 തീയതി 10.10.89 |
| 1987-88 | എൽ.എഫ്.എ.10/246/91 തീയതി31.02.1991 |
| 1989-90 | എൽ.എഫ്.എ.10/1552/91 തീയതി 7.2.91 |
| 1990-91 | എൽ.എഫ്.എ.10/994/92 തീയതി 11.2.92 |
| 1991-92, 92-93 | എൽ.എഫ്.എ.10/420/93 തീയതി 18.5.03 |
| 1993-94, 94-95 | എൽ.എഫ്.എ.10/663/98 തീയതി 17.5.09 |
| 1997-98 (ചെലവ്) | എൽ.എഫ്.എ.14/92/01/21.04.01/5.7.01 |
| 1999-00 | എൽ.എഫ്.ജി.എ5/1832/11/28.1.12 |
| 2002-03 (ചെലവ്) | എൽ.എഫ്. ജി.എ5/1832/11/8.2.12 |
| 2003-04 (ചെലവ്) | എൽ.എഫ്.ജി.എ5/1832/11/28.2.12 |
| 2006-07(ചെലവ്) | എൽ.എഫ്.എ.പി1/ഡി.പി./298/11/24.6.11/31.3.11 |
| 2007-08 (ചെലവ്) | എൽ.എഫ്.എ.പി1/ഡി.പി./299/11/27.6.11/31.7.11 |
| 2008-09, 2009-10, 10-11 | എൽ.എഫ്.എ.പി.10/837/2012/14.2.12 |
| 2011-12,12-13 | എൽ.എഫ്.എ.പി.10/489/14/3.6.14/15.7.14 |
| 2013-14 | കെ.എസ്.എ-എ.എൽ.പി/പി |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ ജില്ല

നം. കെ.എസ്.എ-എ.എൽ.പി/പി10-838/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ.

തീയതി: 30.07.2016

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2014-15 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,ആലപ്പുഴ

No. KSA-ALP/P10-838/2016

Kerala State Audit Department,

District Audit Office,Alappuzha.

Date:30.07.2016

## ***AUDIT CERTIFICATE***

Certified that I have audited the Annual Financial Statement of Kavalam Grama Panchayat in Alappuzha District for the year ended on 31.03.2015 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Kavalam Gramapanchayat for the year 2014-15 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department,Alappuzha